A

302

സമഗ്ര ശിക്ഷ, കേരളം

# അർദ്ധവാർഷിക മൂല്യനിർണയം 2018-19

ക്ലാസ്സ് : 3 | മലയാളം | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് :

വിദ്യാലയത്തിന്റെ പേര് :

ഡിവിഷൻ :

രക്ഷിതാവിന്റെ ഒപ്പ് :

അധ്യാപകന്റെ ഒപ്പ് :

| ക്ര. നം. | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | കവിത പൂർത്തിയാക്കാം | |
| 3 | സംഭാഷണമെഴുതാം | |
| 4 | വിവരണമെഴുതാം | |
| 5 | ആശംസാകാർഡ് നിർമാണം | |
| 6 | കത്തെഴുതാം | |
| | ഓവറോൾ ഗ്രേഡ് | |

## നിർദേശങ്ങൾ

1. താഴെ കൊടുത്ത ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ട് മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

## പ്രവർത്തനം 1 - ഉത്തരമെഴുതാം

വിവരണം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക,

ഭൂമിയിലെ ഏറ്റവും പ്രായം കൂടിയ ജീവികൾ ആമകളാണത്രെ! ഓസ്ട്രേലിയ, അന്റാർട്ടിക്ക എന്നീ വൻകരകളിലൊഴികെ എല്ലാ വൻകരകളിലും ആമകൾ വസിക്കുന്നു. ഏതാണ്ട് നാൽപതോളം ഇനം ആമകളുണ്ട്. പുല്ലുകളും പച്ചിലകളും പൂക്കളും പഴങ്ങളുമാണ് ആമകളുടെ പ്രധാന ഭക്ഷണം. ചിലയിനം ആമകൾ ഷഡ്പദങ്ങളെയും ചെറുജീവികളെയും ഭക്ഷിക്കുന്നു. ആമയ്ക്ക് നല്ല കാഴ്ചശക്തിയും കേൾവി ശക്തിയുമുണ്ട്. ആമയുടെ പുറംതോടുകൾ കട്ടി കൂടിയതാണ്. മഞ്ഞ, തവിട്ട്, കറുപ്പ് എന്നീ നിറങ്ങളിൽ ഇവ കാണപ്പെടുന്നു. ശത്രുക്കളുടെ സാമീപ്യമറിഞ്ഞാൽ ആമകൾ തല പുറന്തോടിനുള്ളിലേക്ക് വലിക്കും. ഇവയ്ക്ക് കരയിലും വെള്ളത്തിലും ജീവിക്കാൻ പറ്റും. വഴുവഴുപ്പുള്ള ശരീരവും തുഴ പോലുള്ള കാലുകളും ഇവയ്ക്ക് ഇതിന് സഹായകമാണ്.

1. ഏത് ജീവിയെ കുറിച്ചാണ് ഈ വിവരണത്തിൽ പറഞ്ഞിരിക്കുന്നത്?

(എ) മുതല (ബി) ആന (സി) ആമ (ഡി) തത്ത

2. ഈ ജീവി കാണപ്പെടാത്ത വൻകരയേത്?

(എ) ഏഷ്യ (ബി) ആഫ്രിക്ക

(സി) അന്റാർട്ടിക്ക (ഡി) വടക്കേ അമേരിക്ക

3. വഴുവഴുപ്പുള്ള ശരീരവും തുഴപോലുള്ള കാലുകളും ഈ ജീവിക്ക് എങ്ങനെ ഉപകാരപ്പെടുന്നു?

(എ) ഇരയെ പിടിക്കാൻ സഹായിക്കുന്നു

(ബി) കരയിലും വെള്ളത്തിലും ജീവിക്കാൻ പറ്റുന്നു.

(സി) ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കുന്നു.

(ഡി) ശ്വസിക്കാൻ സഹായിക്കുന്നു.

4. ഈ ജീവിക്ക് മറ്റ് ജീവികളിൽ നിന്നുള്ള പ്രധാന പ്രത്യേകതയെന്താണ്?

(എ) വലുപ്പം കൂടുതലാണ്

(ബി) വലുപ്പം കുറവാണ്

(സി) സസ്യങ്ങൾ മാത്രം ഭക്ഷിക്കുന്നു

(ഡി) ആയുസ്സ് കൂടുതലാണ്.

5. ഇവ തല പുറന്തോടിനുള്ളിലേക്ക് വലിക്കുന്നത് എന്തിനാണ്?

(എ) ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുന്നതിന്

(ബി) തണുപ്പ് കൂടുമ്പോൾ

(സി) ഭക്ഷണം കഴിക്കുന്നതിന്

(ഡി) സഞ്ചാരത്തിന്

പ്രവർത്തനം 2 - കവിത പൂർത്തിയാക്കാം

കവിത വായിച്ച് കൂടുതൽ വരികൾ കൂട്ടിച്ചേർക്കൂ

ഉചിതമായ തലക്കെട്ട് നൽകണം.

| |
|---|
| |

കുഞ്ഞിക്കിളിയേ പോരുന്നോ?
പുഴയൊഴുകുന്നീ ഗ്രാമത്തിൽ.
അവിടെ ചെന്നാലെന്തുണ്ട്?
വയറുനിറയ്ക്കാൻ തിനയുണ്ട്.

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

പ്രവർത്തനം 3 - സംഭാഷണമെഴുതാം

കുട്ടി കളിക്കുന്നതിനിടയിൽ പട്ടം മരത്തിൽ കുടുങ്ങിപ്പോയത് നിങ്ങൾക്ക് ഓർമയില്ലേ? പാവം പട്ടത്തിന്റെ കരച്ചിൽ കേട്ടാണ് തത്തമ്മപ്പെണ്ണ് അങ്ങോട്ട് പറന്നുചെന്നത്. തത്തമ്മയോട് പട്ടം എന്തൊക്കെയായിരിക്കും പറഞ്ഞിട്ടുണ്ടാവുക? തത്തമ്മയുടെ മറുപടിയോ? സംഭാഷണം എഴുതൂ.....

തത്തമ്മ : .............................................................................................

.............................................................................................

പട്ടം : .............................................................................................

.............................................................................................

: .............................................................................................

.............................................................................................

: .............................................................................................

: ..................................................................................................................

: ..................................................................................................................

: ..................................................................................................................

: ..................................................................................................................

: ..................................................................................................................

പ്രവർത്തനം 4 – വിവരണമെഴുതാം

ചിന്നു മോൾ മനോഹരമായ സ്വപ്നം കാണുകയാണ്. സ്വപ്നത്തിൽ അവൾക്ക് ചിറകുകൾ മുളച്ചിരിക്കുന്നു. ചിറകുകൾ വീശി അവൾ ആകാശത്തിലൂടെ പറക്കാൻ തുടങ്ങി. പൂക്കൾ നിറഞ്ഞ താഴ്വരകൾ.......... കളകളമൊഴുകുന്ന പുഴകൾ ............ ഭൂമിയിലെ കാഴ്ചകൾ എത്ര മനോഹരം..... !

ചിന്നുമോൾ കണ്ട കാഴ്ചകൾ എഴുതു.

### പ്രവർത്തനം 5 ആശംസാകാർഡ് നിർമാണം

ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് തന്റെ കൂട്ടുകാർക്ക് നൽകാനായി ആശംസാകാർഡ് തയാറാക്കുന്ന തിരക്കിലാണ് വിദ്യാർത്ഥികൾ.

ഒരു ആശംസാകാർഡ് നിങ്ങളും തയാറാക്കൂ. (ആശംസാ വാക്യങ്ങൾ എഴുതി ചിത്രങ്ങൾ ചേർത്ത് ഭംഗിയാക്കണം.)

### പ്രവർത്തനം 6 - കത്തെഴുതാം

ഇന്നലെ മണിക്കുട്ടിയുടെ പിറന്നാളായിരുന്നു. പിറന്നാൾ ദിനത്തിൽ വിപുലമായ പരിപാടികളാണ് അവൾ വീട്ടിൽ ഒരുക്കിയത്. നിങ്ങളും പിറന്നാൾ ആഘോഷിക്കാറില്ലേ? ആ വിശേഷങ്ങൾ എന്തൊക്കെയാണ്? എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് കൂട്ടുകാരിക്ക് കത്തെഴുതൂ...